ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, മഹാത്മാ ഗാന്ധി മൂന്നുതവണ സന്ദർശിച്ച പാലക്കാട് അകത്തേത്തറയിലുള്ള ശബരി ആശ്രമത്തെ സംബന്ധിച്ച് മാതൃഭൂമി പത്രം ജൂലൈ 25-ന് വാരാന്ത്യപതിപ്പിൽ നടത്തിയിട്ടുള്ള വിശകലനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒരു പ്രധാനപ്പെട്ട കേന്ദ്രം തന്നെയാണ്. ഒരു ചരിത്രകേന്ദ്രമാണ്. പൈതൃക കേന്ദ്രമാണ്. കഴിഞ്ഞ കാലത്തെ സ്ഥിതിഗതികൾ നോക്കുമ്പോൾ വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ലാത്ത നിലയാണ് കാണുന്നത്. ഇത് പരിശോധിച്ചുകൊണ്ട് ഇതിനെ ഹെറിറ്റേജ് ടൂറിസം മേഖലയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നവീകരണ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുക്കുന്നതാണ്.

(34) പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇടുക്കി ജില്ലയിൽ സാധാരണക്കാരായ യാത്രക്കാരും വിദ്യാർത്ഥികളും അഭിമുഖീകരിക്കുന്ന നിസ്സഹായതയാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇടുക്കി ജില്ലയിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ഓർഡിനറി ബസുകളെ ഫാസ്റ്റ് പാസഞ്ചറായി കൺവെർട്ട് ചെയ്യാൻ സാധിക്കും. 2009-ൽ ഉണ്ടായ ഹൈക്കോടതിയുടെ ഒരു എക്സ്പാർട്ടി വിധിയെ മറയാക്കിയാണ് അധികൃതർ ഇങ്ങനെ പെർമിറ്റ് നൽകുന്നത്. സ്വകാര്യ ബസ്സുടമകൾക്ക് അനുകൂലമായി കോടതി വിധിയുണ്ടായി. ആ വിധിയിൽ കോടതിയിൽ സർക്കാർ വക്കീൽ ഹാജരാകാത്തതിനെ വിമർശിച്ച് പരാമർശം നടത്തിയിട്ടുണ്ട്. കോടതി വിധിക്കെതിരെ സർക്കാരിന് വേണമെങ്കിൽ അപ്പീലിന് പോകാമെന്ന് വിധിയിൽ പരാമർശിക്കുന്നുമുണ്ട്. സർക്കാർ അപ്പീലിന് പോകാത്തതുമൂലം ഹൈക്കോടതി വിധിയുടെ മറവിൽ ഇടുക്കിയിൽ ഓടുന്ന ഓർഡിനറി ബസ്സുകൾ മുഴുവൻ ഫാസ്റ്റ് പാസഞ്ചറായി കൺവെർട്ട് ചെയ്യുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽത്തന്നെ കട്ടപ്പനയിലും പരിസര പ്രദേശങ്ങളിലുമായി 12 ഹൈസ്കൂളുകളും 8 ഹയർ സെക്കൻഡറി സ്കൂളുകളും ഉണ്ട്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഉൾപ്പെടെയുള്ള ഒട്ടേറെ വിദ്യാർത്ഥികൾക്ക് യാത്രയ്ക്ക് ഇന്ന് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. ഗാട്ട് (Ghat) റോഡ് ആയതിനാൽ സാധാരണ ബസ് ചാർജിനേക്കാളും 25 ശതമാനം അധിക ചാർജ് യാത്രക്കാർ ഇടുക്കിയിൽ നൽകുന്നുണ്ട്. അവിടുത്തെ വിദ്യാർത്ഥികൾ ബസ് ചാർജ്ജിന്റെ 30ശതമാനമാണ് ഇപ്പോൾ നൽകിവരുന്നത്. കോട്ടയം-കുമിളിറോഡ് ദേശസാൽക്കൃത റൂട്ടാണ്. അവിടെ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുന്നില്ല. കട്ടപ്പനയിൽനിന്ന് നെടുങ്കണ്ടത്തേക്കും കട്ടപ്പനയിൽനിന്ന് തോപ്രാംകുടി മുരിക്കാശ്ശേരിയിലേക്കുമുള്ള യാത്രക്കാർക്ക് ആവശ്യമായ സ്വകാര്യ ബസ്സുകൾ ഫാസ്റ്റ് പാസഞ്ചറായി മാറിയതുകൊണ്ട് .....(തടസ്സം)..... ധാരാളം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആ ബസ്സുകൾ അവിടെ അനുവദിക്കപ്പെടുകയോ ഇന്നത്തെ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കുന്നതിനേക്കാൾ കൺസെഷൻ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനും നമ്പർ വർദ്ധിപ്പിക്കുന്നതിനുമായി ഈ വിഷയം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. അതോടൊപ്പം ഭരണ പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകൾ നിരന്തരമായി സമരത്തിലാണ്. അവിടെ അറസ്റ്റ് വരിക്കലും മറ്റ് പ്രശ്നങ്ങളുമൊക്കെ നിലനിൽക്കുന്നുണ്ട്. വളരെ ഗുരുതരമായ ഈ വിഷയത്തിൽ അടിയന്തരമായ ഒരു പരിരക്ഷ ഉണ്ടാകണം. ആവശ്യമെങ്കിൽ നിയമനിർമ്മാണം ഉണ്ടാകണം. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ഇടുക്കി ജില്ലയിൽ മിക്കവാറും ഓർഡിനറി സർവ്വീസുകളാണ് ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളാക്കി മാറ്റുന്നത്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രിബ്യൂണലിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ഉത്തരവിന്റെ വെളിച്ചത്തിലാണ് ഇത്തരത്തിൽ വന്നിട്ടുള്ളത്. ഈ ഉത്തരവ് ഉണ്ടായിട്ടുള്ളത് 2003-ലാണ്. 2003-ലെ കാലാവധിക്കുള്ളിൽ അതിന് അപ്പീൽ കൊടുക്കാതിരുന്നതുകൊണ്ട് ഏകദേശം സ്ഥിരപ്പെട്ടതുപോലെയാണ്. പക്ഷേ ഇത്തരം വിധിക്കെതിരായി ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് മോട്ടോർ വാഹനചട്ടം 2ഒ(എ) അനുസരിച്ച് സർവ്വീസുകളുടെ ദൂരപരിധി നിജപ്പെടുത്തിക്കൊണ്ട് 140 കിലോമീറ്ററിൽ കൂടുതൽ ദൂരമുള്ള റൂട്ടുകൾക്ക് പെർമിറ്റ് പുതുക്കി നൽകാതിരിക്കുകയാണ്. അതിനെതിരെയാണ് കോടതിയെ സമീപിച്ചിട്ടുള്ളത്. ഇങ്ങനെ ഓർഡിനറി സർവ്വീസുകൾ ഫാസ്റ്റ് പാസഞ്ചർ സർവ്വീസാക്കി മാറ്റുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് കൺസെഷൻ ലഭിക്കുന്നില്ലായെന്നുള്ളത് ശരിയാണ്. സ്റ്റോപ്പുകളുടെ എണ്ണം കുറയ്ക്കുകയും സ്പീഡ് കൂട്ടുകയും റണ്ണിംഗ് ടൈം കുറയ്ക്കുകയും ചെയ്യുന്ന സമയമാണ് അവർ പറഞ്ഞിട്ടുള്ള കാരണങ്ങൾ. ഇത്തരം ബസ് സർവ്വീസുകളിൽ ഫ്ളീറ്റ് ഓണറിന് മാത്രമേ നൽകാവൂയെന്ന നിബന്ധനയാണ് ഗവൺമെന്റ് കൊണ്ടുവന്നിരുന്നത്. കേരള മോട്ടോർ വാഹന ചട്ടം 2 ഇ(ബി) നിഷ്ക്കർഷിക്കുന്നത് ഫ്ളീറ്റ് ഓണർ 50 സ്റ്റേജ് കാരിയറുകളുടെ ഉടമയായിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ അതാണ് ബഹുമാനപ്പെട്ട ഹൈക്കോടതി 30-6-2003-ൽ സ്ട്രൈക്ക് ഡൗൺ ചെയ്തത്. അതിനെതിരെ അപ്പീലും കൊടുത്തിരുന്നില്ല. അതിന്റെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം വക്കീൽ ഹാജരായില്ലെന്ന് പറഞ്ഞത്. എന്തായാലും അതിനെതിരെ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി ഇപ്പോൾ പുതിയ നിർവ്വചനം നൽകിക്കൊണ്ട് നിയമപരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതാണ് സ്ഥിതി എങ്കിൽത്തന്നെയും കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകൾ ഓടുന്ന റൂട്ടുകളിൽ ഇടുക്കി ജില്ലയിലെ സ്ഥിതി പരിഗണിച്ച് കൂടുതൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly